LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതി ബഞ്ച്

90 [1667] ശ്രീ. കെ. മോഹൻകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയുടെ ഫയലിംഗ് അധികാരമുള്ള ഡിവിഷൻ ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് തീരുമാനിച്ചത്;

(ബി) ജസ്വന്ത് സിംഗ് കമ്മീഷൻ റിപ്പോർട്ടിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ ഗവൺമെന്റ് തീരുമാനം രേഖാമൂലം അറിയിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര നിയമകാര്യ വകുപ്പിൽ നിന്ന് ഇക്കാര്യത്തിൽ എന്തു പ്രതികരണമാണ് ഏറ്റവും ഒടുവിൽ ലഭിച്ചതെന്നറിയിക്കുമോ;

(ഡി) ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റിന്റെ നിയമകാര്യ വകുപ്പിന് മുമ്പാകെ തിരുവനന്തപുരത്ത് ഹൈക്കോടതി ഡിവിഷൻ ബഞ്ച് സ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ—സി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്നഭ്യർത്ഥിച്ച് 1958-ൽ കേരള നിയമസഭ പ്രമേയം പാസാക്കി കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്. പാർലമെന്റ് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച അഭിപ്രായം ബഹു. ചീഫ് ജസ്റ്റിസുമായി ആലോചിച്ച് അറിയിക്കുവാൻ 1999-ൽ കേന്ദ്ര നിയമ വകുപ്പുമന്ത്രി അഭ്യർത്ഥിക്കുകയുണ്ടായി. അതിൻപ്രകാരം സംസ്ഥാനസർക്കാർ ബഹു. ചീഫ് ജസ്റ്റിസിന് കത്തെഴുതുകയുണ്ടായി. തിരുവനന്തപുരത്ത് ബഞ്ച് സ്ഥാപിക്കുന്നത് പൊതുതാൽപര്യത്തിനോ, നീതി നിർവ്വഹണത്തിനോ സഹായകരമല്ലെന്നും അതിനാൽ നിർദ്ദേശം ഉപേക്ഷിക്കുകയാണെന്നും 2004 ജനുവരി 17-ലെ കത്തിൽ അന്നത്തെ ബഹു. ചീഫ് ജസ്റ്റിസ് അറിയിച്ചു. സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് വേണമെന്നത് സംസ്ഥാനത്തിന്റെ താൽപ്പര്യമാണെന്നും അതിനാൽ ഇക്കാര്യം പുനഃപരിശോധിക്കണമെന്നും ബഹു. ചീഫ് ജസ്റ്റിസിനോട് 13-2-2004-ൽ മുഖ്യമന്ത്രി ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ ബഹു. ചീഫ് ജസ്റ്റിസിൽ നിന്ന് ഇതുവരെയും മറുപടി ലഭിക്കുകയുണ്ടായില്ല.

(ഡി) ഇക്കാര്യത്തിൽ മുഖ്യമന്ത്രി നേരിട്ടുതന്നെ കേന്ദ്ര നിയമകാര്യ മന്ത്രിക്ക് 25-6-2004-ൽ കത്തെഴുതിയിട്ടുണ്ട്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം

91 [1668] ശ്രീ. വി. കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താളവത്തിന്റെ വികസനത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയതിനുവേണ്ടി എത്ര കോടി രൂപ വിനിയോഗിച്ചു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

കേന്ദ്ര സിവിൽ ഏവിയേഷൻ സെക്രട്ടറിയുമായി നടത്തിയ ചർച്ചയിൽ എയർപോർട്ട് വികസനത്തിനാവശ്യമായ ഭൂമി കൈമാറുന്ന മുറയ്ക്ക് പുതിയ ഇന്റർനാഷണൽ ടെർമിനലിന്റെ പണികൾ എയർപോർട്ട് അതോറിറ്റി തുടങ്ങുന്നതാണ് എന്ന് ഉറപ്പ് നേടിയെടുത്തു.

ഒന്നാം ഘട്ട വികസനത്തിനാവശ്യമായ 27 ഏക്കറിൽ 26.53.000 ഏക്കർ ഏറ്റെടുത്തു. രണ്ടാം ഘട്ട വികസനത്തിനാവശ്യമായ 120 ഏക്കർ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചു. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഈ സർക്കാർ 25.10 കോടി രൂപ അനുവദിക്കുകയും അതിൽ 16.20 കോടി രൂപ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2001 മേയ് മാസത്തിനുശേഷം വിമാനത്താവള വികസനത്തിനായി സ്വീകരിച്ച നടപടികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

പഞ്ചായത്ത് വിഭജനം

92 [1669] ശ്രീ. എം. എ. വാഹീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകൾ ജനസംഖ്യാനുപാതികമായി വിഭജിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പഞ്ചായത്ത് വിഭജനം സംബന്ധിച്ച് തിരഞ്ഞെടുപ്പു കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേൽ സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് കർഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) തെരഞ്ഞെടുപ്പുകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വിഭജനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കർഷകർക്കുള്ള ആനുകൂല്യം വിതരണം ചെയ്യുന്നത് കേരള വികസന പദ്ധതിയിൽപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയാണ്. ഇത് യഥാസമയം നടപ്പിലാക്കുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly